PL/12/2016

വിശുദ്ധഗ്രന്ഥത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള രണ്ടു കളപ്പുരകളെക്കുറിച്ചാവട്ടെ ഈ മാസത്തെ ചിന്ത എന്നു വിചാരിക്കുകയാണ്. പുത്തരിപ്പെരുന്നാൾ എന്നുകൂടി പേരുള്ള മാതാവിന്റെ ജനനത്തിരുനാളിന്റെ കാലയളവാണല്ലൊ ഇത്. വരമ്പത്തു കറ്റ എത്തുമ്പോഴാണല്ലോ കളപ്പുരകളെക്കുറിച്ചു ചിന്ത വേണ്ടി വരിക. ഈജിപ്റ്റിന്റെ അധിപനായി നിയമിക്കപ്പെട്ട ജോസഫ് ഏഴുവർഷത്തെ അധികവിള ഏഴുക്ഷാമവർഷങ്ങളിലേയ്ക്കുവേണ്ടി സംഭരിക്കാൻ ധാന്യപ്പുരകൾ കെട്ടിയ സംഭവം ഉൽപ്പത്തിപ്പുസ്തകം 41–ാം അധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഈജിപ്റ്റിലെ ഫറവോ ഒരു സ്വപ്നം കണ്ടു. കൊഴുത്ത് അഴകുള്ള ഏഴുപശുക്കൾ നദിയിൽനിന്നു കയറിവരുന്നു. പിന്നാലെ നദിയിൽനിന്നു കയറിവന്ന മെലിഞ്ഞുവിരൂപമായ ഏഴു പശുക്കൾ, മേഞ്ഞുനിന്നിരുന്ന കൊഴുത്തപശുക്കളെ വിഴുങ്ങിക്കളഞ്ഞു. ഫറവോയ്ക്കു വീണ്ടുമൊരു സ്വപ്നമുണ്ടായി. ഒരു തണ്ടിൽ പുഷ്ടിയും അഴകുമുള്ള ഏഴുധാന്യക്കതിരുകൾ. തുടർന്ന് ഏഴുശുഷ്കിച്ചുണങ്ങിയ കതിരുകൾ ഉയർന്നുവന്നു. അവ പുഷ്ടിയുള്ള കതിരുകളെ വിഴുങ്ങിക്കളഞ്ഞു.

രാജസദസ്സിലെ ജ്ഞാനികൾക്കാർക്കും സ്വപ്നം വിശദീകരിക്കാനായില്ല. തടവറയിൽ കിടന്നിരുന്ന ജോസഫിന് സ്വപ്നം വ്യാഖ്യാനിക്കാൻ കഴിഞ്ഞു. വ്യാഖ്യാനം ഇതായിരുന്നു: ഈജിപ്റ്റിൽ സുഭിക്ഷത്തിന്റെ ഏഴുവർഷങ്ങൾ വരാൻ പോകുന്നു. പിന്നാലെ ക്ഷാമത്തിന്റെ ഏഴുവർഷങ്ങൾ. താൻ ചെയ്യാൻ പോകുന്നത് ദൈവം മുന്നേ കാണിച്ചുതന്നിരിക്കുകയാണ്. അധികവിള ക്ഷാമകാലത്തേയ്ക്കുള്ള കരുതൽധാന്യമായി ശേഖരിച്ചുവെയ്ക്കണം. ജോസഫ് നൽകിയ വിശദീകരണത്തിൽ തൃപ്തനായ ഫറവോ ജോസഫിനെ ഇക്കാര്യങ്ങളുടെ നിർവ്വഹണചുമതല ഏൽപിച്ചു. സ്വപ്നത്തിൽ കണ്ടതുപോലെ സമൃദ്ധിയുടെ വർഷങ്ങൾ വന്നു. ജോസഫ് ഈജിപ്റ്റുമുഴുവൻ സഞ്ചരിച്ച് കാര്യങ്ങൾ മനസ്സിലാക്കി. കൂടുതലുണ്ടായിരുന്ന ധാന്യങ്ങളെല്ലാം അവൻ നഗരങ്ങളിൽ സംഭരിച്ചുവച്ചു. ഓരോ നഗരത്തിനുചുറ്റുമുള്ള വയലുകളിലെ ഭക്ഷ്യം അതതുനഗരത്തിൽത്തന്നെ സൂക്ഷിച്ചു. കടൽക്കരയിലെ മണലുപോലെയായിരുന്നു വിള. അത് അളക്കാൻ വയ്യാത്തതുകൊണ്ട് അവൻ അളവു നിർത്തി(41:49). സമൃദ്ധിക്കുശേഷം ക്ഷാമകാലമെത്തി. ജോസഫ് കലവറ തുറന്ന് ഈജിപ്റ്റുകാർക്കു ധാന്യം വിറ്റു. ലോകത്തെല്ലായിടത്തും പട്ടിണിയായിരുന്നു. ജോസഫിന്റെ പക്കൽനിന്നു ധാന്യം വാങ്ങാൻ എല്ലാ ദേശത്തുനിന്നും ആളുകളെത്തി.

പുതിയനിയമത്തിൽ തന്റെ വയലിലെ സമൃദ്ധമായ വിള ശേഖരിക്കാൻ ഭോഷനായൊരു ധനികൻ കളപ്പുര കെട്ടുന്ന ഒരു അന്യാപദേശകഥയുണ്ട്. വയലിലെ സമൃദ്ധി കണ്ട ധനികൻ മനോഗതം ചെയ്യാൻ തുടങ്ങി: 'ഞാനെന്തു ചെയ്യും? ഈ ധാന്യം മുഴുവൻ ശേഖരിക്കാൻ എനിക്കു സ്ഥലമില്ല. എന്റെ അറപ്പുരകൾ പൊളിച്ച് കൂടുതൽ വലിയവ ഞാൻ പണിയും. അധികധാന്യം അവിടെ സംഭരിക്കും, എന്നിട്ട് ഞാൻ എന്നോടുതന്നെ പറയും: എന്റെ ആത്മാവേ, അനേകവർഷത്തേയ്ക്കുവേണ്ട വിഭവങ്ങൾ സംഭരിക്കപ്പെട്ടിരിക്കുന്നു. വിശ്രമിക്കുക, തിന്നുകുടിച്ച് ആനന്ദിക്കുക. പക്ഷേ ദൈവം അവനോടു പറഞ്ഞു: ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽ നിന്നാവശ്യപ്പെടും' . ദൈവസന്നിധിയിൽ സമ്പന്നനാകാതെ

തനിക്കുവേണ്ടി മാത്രമായി സംഭരിക്കുന്നവന് അനുഭവയോഗമുണ്ടാകുന്നില്ലായെന്നതാണ് ഉപമയുടെ പാഠം (ലൂക്കാ 12: 13–21).

ഭൂമിയിൽ എന്തേ ക്ഷാമമുണ്ടാകുന്നു? ഭൂമി സുകൃതമാണ്, എല്ലാം ഭംഗിയായി ചെയ്യപ്പെട്ടത്. വളരെ നന്നായിരിക്കുന്നുവെന്ന മുദ്ര ഭൂമിയിലെ സർവ്വത്തിന്റെയുംമേൽ ദൈവം പതിച്ചിട്ടുണ്ട്. ധാന്യം വിളയുന്ന ചെടികൾ, പഴങ്ങൾ കായിക്കുന്ന വൃക്ഷങ്ങൾ, ഹരിതസസ്യങ്ങൾ, എല്ലാം നോക്കിനടത്തി പരിപോഷിപ്പിക്കാൻ നിയോഗിക്കപ്പെട്ട മനുഷ്യൻ– സൃഷ്ടിയുടെ ആദിമാവസ്ഥ ഇതായിരുന്നു. ഫലസമൃദ്ധികൊണ്ട് നിറഞ്ഞിരിക്കുക എന്നത് അപ്പോൾ ഭൂമിയുടെ സ്വാഭാവികപരിണാമമായിരുന്നു. പക്ഷേ, അനുഗ്രഹിക്കപ്പെട്ട മണ്ണ് ശപിക്കപ്പെട്ടതായി മനുഷ്യന്റെ പാപം മൂലം. പാപംമൂലം മുള്ളും മുൾച്ചെടിയും (ഉത് 3: 18) മണ്ണ് മുളപ്പിക്കാൻ തുടങ്ങി. കഠിനമായ അധ്വാനം വിളവിനുമുമ്പുവേണ്ടി വന്നതും പാപഫലം തന്നെ. ആലങ്കാരികമായി പറഞ്ഞാൽ, മഞ്ഞും മഴയും വേനലുമൊക്കെ തക്കനേരത്തു ഭൂമിയിലേയ്ക്കുവരാതെ ഒളിച്ചുകളിക്കുന്നത് ആദിപുരുഷനും ഭാര്യയും അവിടുത്തെ മുമ്പിൽനിന്നുമാറി, തോട്ടത്തിലെ മരങ്ങൾക്കിടയിൽ ഒളിക്കാൻ(ഉത് 3:8) തുടങ്ങിയതുമൂലമാണ്. ഭൂമിയിൽ മനുഷ്യന്റെ പാപകരമായ ഇടപെടലുകളാണ് പ്രകൃതിക്ഷോഭത്തിനും വിളനാശത്തിനും ക്ഷാമത്തിനുമൊക്കെ കാരണമാകുന്നതെന്ന് ഇന്നു ശാസ്ത്രീയമായി തെളിയിക്കപ്പെട്ട കാര്യമാണ്. അതായത്, ഭൂമിയിലെ ക്ഷാമം ദൈവസൃഷ്ടിയല്ല, മനുഷ്യസൃഷ്ടിയാണ്. ഭൂമിയുടെ സ്വയംനവീകരണക്ഷമതയ്ക്ക് ഊനം തട്ടുന്ന കൃഷിരീതികൾ വഴി ഭൂമി തരിശാകുന്നത് കൺമുമ്പിലെ കാഴ്ചയാണല്ലോ. മാത്രമല്ല, ആരെങ്കിലും എവിടെയെങ്കിലും നടത്തുന്ന ഭൂമിമേലുള്ള കടന്നുകയറ്റത്തിനുള്ള ശിക്ഷ ലോകത്തിൽ എവിടെയുമുള്ള മനുഷ്യർ അനുഭവിക്കേണ്ടി വരുന്നു എന്ന ദുരന്തവുമുണ്ട്. നിർമ്മിതിയിലെന്നപോലെ ചിന്തയിലും ദൈവം കാണുന്നതുപോലെ ഭൂമിയെ ഒരൊറ്റ യൂണിറ്റായി മാത്രമേ കാണാനാവൂ എന്ന യാഥാർത്ഥ്യവും. ഓർമ്മയിലുണ്ടാവേണ്ടതാണ്.

ക്ഷാമവും മറ്റു പ്രകൃതിദുരന്തവുമൊക്കെ യാതൊരു മുന്നറിയിപ്പുമില്ലാതെ, പൊടുന്നനെ വന്നുചേരുന്ന കാര്യങ്ങളല്ല എന്നും വിശുദ്ധഗ്രന്ഥം വ്യക്തമാക്കിത്തരുന്നുണ്ട്. വരാനിരിക്കുന്ന സംഭവങ്ങളെക്കുറിച്ചുള്ള മുന്നറിവ് വിശുദ്ധഗ്രന്ഥത്തിലെ വെളിപാടുകളുടെ പ്രധാനപ്പെട്ടൊരു ഭാഗമാണ്. ഫറവോയ്ക്കുണ്ടാകുന്ന സ്വപ്നദർശനം ഭാവിക്കുവേണ്ടി മുൻകരുതൽ എടുക്കുന്നതിനുള്ള ആഹ്വാനമായിരുന്നു. കരുതൽനടപടികൾ എടുക്കാൻവേണ്ട കഴിവും വിവേകവും മനുഷ്യന് ദൈവം നൽകിയിട്ടുമുണ്ട്. വിഷമകരമായ ദൗത്യം ഏറ്റെടുത്തുനടത്താൻ നിയോഗിക്കപ്പെടുമ്പോഴെല്ലാം പ്രവാചകന്മാരെയും മറ്റു നിയുക്തരെയും ദൈവം ബലപ്പെടുത്തുന്ന വിശുദ്ധഗ്രന്ഥത്തിന്റെ രീതിയും ഇതിനോടുചേർത്തു മനസ്സിലാക്കാവുന്നതാണ്.

പ്രതീക്ഷകൾക്കപ്പുറമുള്ള നേട്ടങ്ങൾ, വയലിലെ അദ്ഭുതപ്പെടുത്തുന്ന വിളവെടുപ്പ്, കടലിലെ ചാകര തുടങ്ങി അധ്വാനത്തിന്റെ അതിരുകളെ കവച്ചുവെയ്ക്കുന്ന ഫലസമൃദ്ധികൾക്കെല്ലാം ഭാവിയോടു ബന്ധപ്പെട്ട അർത്ഥവിവക്ഷകളുണ്ടാവും; അധ്വാനിച്ചവനെയും കടന്ന് അനേകർക്കുള്ള അന്നമാകാനുള്ള ഒരർത്ഥവും അതിനുണ്ടാകും. ധൂർത്തടിച്ച് ഉപഭോഗം ചെയ്യാനും എറിഞ്ഞുകളയാനുമുള്ളതല്ല വിളകൾ ഒന്നും എന്ന സാമൂഹികഉത്തരവാദിത്വത്തിന്റെ ഒരു മാനം ജീവിതത്തിലെ ഏതു വിജയത്തിനും നേട്ടത്തിനുമുണ്ട്. കമ്പനികളെല്ലാം തങ്ങളുടെ വാർഷികവരവിന്റെ ഒരു നിശ്ചിതശതമാനം കോർപ്പറേറ്റ് സാമൂഹികഉത്തരവാദിത്വത്തിനായി നീക്കിവയ്ക്കണമെന്നത് സിവിൽ സമൂഹത്തിന്റെ നിയമമാണെന്നത് അറിഞ്ഞിരിക്കുക.

"സമ്പത്തുകാലത്തു തൈ പത്തുവച്ചാൽ ആപത്തുകാലത്തു കാ പത്തു തിന്നാം" എന്ന് പ്രൈമറി ക്ലാസ്സുകളിൽ മുമ്പുപഠിപ്പിച്ചിരുന്നു. സൂര്യചന്ദ്രന്മാരുടെ കാര്യത്തിലെന്നപോലെ, മനുഷ്യജീവിതത്തിലും വൃദ്ധിക്ഷയങ്ങളുണ്ടാവാം. പക്ഷികളും ജീവികളും സസ്യങ്ങളും മരങ്ങളുമൊക്കെ അനുകൂലമല്ലാത്ത കാലാവസ്ഥകളെ അതിജീവിക്കാൻ എടുക്കുന്ന മുൻകരുതലുകൾ നമ്മുടെ കൺമുന്നിലാണുനടക്കുന്നത്. കണ്ടിട്ടും കാണാതെയും കേട്ടിട്ടും മനസ്സിലാക്കാതെയുമിരിക്കുന്ന അവസ്ഥ ബുദ്ധിജീവിയായ മനുഷ്യന്റെ കാര്യത്തിലേ സംഭവിക്കുന്നുള്ളു!

പുതിയനിയമത്തിലെ ധനികന്റെ കളപ്പുര ഭാവിക്കുള്ള കരുതലിനെതിരേയുള്ള ഉപമയായിട്ടല്ല വായിച്ചെടുക്കേണ്ടത്. തനിക്കായി മാത്രമുള്ള, മറ്റുള്ളവരേയും മറ്റുള്ളവയേയും മറന്നുള്ള, കൂട്ടിവെയ്പ്പുകളെയാണ് ഉപമ തള്ളിപ്പറയുന്നത്. വയലിലെ മുപ്പത്, അറുപത്, നൂറുമേനി അധ്വാനിക്കുന്നവന്റെ സങ്കൽപങ്ങളിലെ സ്വന്തം മുതലാവാം. പക്ഷേ അതിന്റെ ഏക അവകാശി അവനാവുന്നില്ല. വയലില്ലാത്തവരുടെ, വിത്തില്ലാത്തവരുടെ, അധ്വാനത്തിന് പറ്റാത്തവരുടെ, കൃഷിയറിയാത്തവരുടെയൊക്കെ പ്രതീക്ഷകളുടെ വരമ്പത്താണ് ഒരാൾ തന്റെ വിള കൊയ്തുവയ്ക്കുന്നതെന്നു മറക്കരുത്. സ്വന്തം കളപ്പുരകൾപോലും അവന് സ്വന്തമല്ല, ആവശ്യം വന്നാൽ സകലർക്കുമായി തുറന്നിടാനുള്ള ധാന്യപ്പുരയാവണം അത്. വിള പറ്റേ കൊയ്തെടുക്കരുതെന്നും കാലാ പെറുക്കാനും ധാന്യം ശേഖരിക്കാനും മനുഷ്യരും പക്ഷിമൃഗാദികളും പിറകെയുണ്ടെന്നും ലേവ്യാഗ്രന്ഥം കർഷകരെ ഓർമ്മിപ്പിച്ചിരുന്നല്ലോ. ഏഴാം വർഷം നിലം കൃഷിയിറക്കാതെ ഇടാൻ കൽപിക്കുമ്പോൾ "കർത്താവു പറയുന്നു: ആറാം വർഷം എന്റെ അനുഗ്രഹം ഞാൻ നിങ്ങളുടെമേൽ ചൊരിയും. മൂന്നുവർഷത്തേക്കുള്ള വിളവ് അതു നിങ്ങൾക്കു പ്രദാനം ചെയ്യും" (ലേവ്യ 25:21). വിള സകലജനത്തിനുംവേണ്ടിയുള്ള കർത്താവിന്റെ ദാനമാണെന്നാണ് മനസ്സിലാക്കേണ്ടത്. എല്ലാവർക്കും അത്യാവശ്യത്തിനുവേണ്ടത് ഭൂമി എല്ലായ്പോഴും പ്രദാനം ചെയ്യുന്നുണ്ട് എന്നത് ഒരു സാധാരണപ്രതിഭാസമാണ്. ശൂന്യമായ ഇടങ്ങളിലേയ്ക്കുള്ള വായുവിന്റെ പ്രവാഹംപോലെ, ഉള്ള ഇടങ്ങളിൽനിന്ന് ഇല്ലാത്ത ഇടങ്ങളിലേയ്ക്കു ഒഴുക്കിവിടലാണുണ്ടാകേണ്ടത്. ഈജിപ്റ്റിലെ കളപ്പുരകൾ സർവ്വദേശങ്ങളിലെ പട്ടിണിക്കാർക്കുവേണ്ടിക്കൂടി തുറന്നിട്ടപ്പോൾ എല്ലാവരുടെയും ക്ഷാമം സഹനീയമായ ഒരു കാര്യമായി. ജോസഫ് എല്ലാവരുടെയും കാര്യമോർത്തു. സംഭരണം വിതരണത്തിനുള്ള മുൻനടപടി മാത്രമാണെന്ന് അദ്ദേഹം കരുതി. ഉപമയിലെ ധനികൻ തന്നെക്കുറിച്ചുമാത്രമേ വിചാരപ്പെട്ടുള്ളൂ. സംഭരണമല്ലാതെ വിതരണം അവനു ചിന്താവിഷയമാകുന്നില്ല. അതിനാൽ സംഭരിച്ചതെല്ലാം ആർക്കെന്നറിയാതെ അവനു വിട്ടുപേക്ഷിക്കേണ്ടിവരുന്നു.

തീരപ്രദേശത്തുകൂടി സഞ്ചരിക്കുമ്പോൾ ചിലയിടങ്ങളിലൊക്കെ മത്സ്യം ഉണക്കുന്നതുകാണാം. കടലിലെ മത്സ്യസമ്പത്ത് വളരെ കുറഞ്ഞിരിക്കുന്നുവെന്നും മത്സ്യബന്ധനവുമായി ബന്ധപ്പെട്ടു ജീവിക്കുന്ന മനുഷ്യർ കഠിനമായ ദാരിദ്ര്യത്തിലാണെന്നതും വസ്തുതയാണ്. പണ്ടുകാലത്ത് മത്സ്യം ഉണക്കിയിരുന്നത് മീനുകളെത്തിക്കാൻ ബുദ്ധിമുട്ടുള്ള ഇടങ്ങളിൽ മീന് വിൽപനയ്ക്ക് എത്തിക്കുന്നതിനുവേണ്ടിയായിരുന്നു. ട്രാൻസ്പോർട്ടേഷൻ സൗകര്യങ്ങളും ശീതീകരണസമ്പ്രദായങ്ങളും സുലഭമായിരിക്കേ പിന്നെയെന്തിന് മത്സ്യം ഉണക്കണമെന്നത് അന്വേഷണമർഹിക്കുന്ന കാര്യമാവുന്നു. ക്ഷാമകാലത്തേക്കുള്ള മുൻകരുതലാണോ ഇതിനുപിന്നിലുള്ളത്? ഉണക്കമത്സ്യം വളം നിർമ്മാണത്തിനുപയോഗിക്കുന്നുണ്ടെന്നും ഭക്ഷണത്തിനു ചന്തയിൽ വിൽക്കുന്നതിനേക്കാൾ കൂടുതൽ വില വളം നിർമ്മാണക്കാർ കൊടുക്കുന്നുവെന്നതും അറിവാകുമ്പോൾ എന്തു

വിചാരിക്കണം! ഈ വർഷകാലത്ത് ചിലദിവസങ്ങളിൽ ചെറുമീനുകളുടെ ചാകരയുണ്ടായി. മീൻചന്തയിൽ പക്ഷേ, ആനുപാതികമായ വിലക്കുറവ് അനുഭവപ്പെട്ടില്ല. അവ വളംനിർമ്മാണത്തിനായി കയറ്റി അയക്കപ്പെട്ടു എന്നു വാർത്ത വന്നു. കടലിന്റെ കനിവിൽ നാട്ടുകാരെ പങ്കുചേർക്കാൻ ശ്രമമുണ്ടായില്ല എന്നർത്ഥം. ഉൽപന്നത്തിന് കൂടിയവില കിട്ടണം എന്ന ചിന്തയേ പ്രവർത്തിച്ചുള്ളു. ലഭ്യതയു(supply)ം ആവശ്യ(demand)വുമെന്ന മൂലധനനിയമം നടപ്പിലാകുകയായിരുന്നു.

ഗനേസറത്തു തടാകത്തിന്റെ തീരത്തെ ഒരു ചാകരയനുഭവം വി.ലൂക്കായുടെ സുവിശേഷത്തിലുണ്ട് (5). രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും ലഭിക്കാതെ രണ്ടു വള്ളങ്ങൾ തീരമണഞ്ഞിരിക്കുകയാണ്. ഒരു വള്ളം ശിമയോന്റേതാണ്. യേശു തീരത്തുവന്ന് ശിമയോന്റെ വള്ളത്തിൽ കയറി. ആഴത്തിലേയ്ക്കുനീക്കി വലയിറക്കാൻ അവനോട് ആവശ്യപ്പെട്ടു. ശിമയോൻ കർത്താവിനെ അനുസരിച്ചു. കീറിപ്പോകത്തക്കവിധം മത്സ്യങ്ങൾകൊണ്ട് വലനിറഞ്ഞു. ശിമയോൻ കരയിലിരുന്ന വള്ളത്തിലെ കൂട്ടുകാരെ ആംഗ്യം കാണിച്ചുവിളിച്ചു. അവരെത്തി; രണ്ടു വള്ളങ്ങളും മത്സ്യംകൊണ്ടു നിറച്ചു. കിട്ടിയനേട്ടം ഒറ്റയ്ക്കനുഭവിക്കാൻ ശിമയോനും കൂട്ടുപണിക്കാരും ശ്രമിക്കാതിരുന്നതിനാൽ വീണ്ടുമൊരു അധ്വാനത്തിനുമുതിരാതിരുന്നവർക്കും നേട്ടമുണ്ടായി. ഒറ്റയ്ക്കനുഭവിക്കാനുള്ള സംഭരണശ്രമങ്ങൾക്കെതിരേയുള്ള അന്യാപദേശമായി ഈ ചാകരയനുഭവം!

മഴയുടെ സമൃദ്ധി ഉണ്ടായിട്ടും കുടിവെള്ളക്ഷാമം കൊണ്ടു കഷ്ടപ്പെടുന്ന നാടാണു നമ്മുടേത്. ദൈവം തരുന്ന മഴയാകുന്ന ദാനസമൃദ്ധി വറുതിയുടെ കാലത്തേയ്ക്കുള്ള ഈടുവയ്പിനുകൂടിയാണെന്ന ജലസാക്ഷരത ഇതുവരെ നമുക്കുണ്ടായിട്ടില്ല. എന്നിട്ടും ആകാശം അടയ്ക്കപ്പെട്ടിരിക്കുന്നതിനെക്കുറിച്ച് നാം പരാതി പറയുന്നു. വരാനിരിക്കുന്ന വേനലിനെ നേരിടാൻ മൺസൂണിന്റെ ജലസമൃദ്ധിയെ ഉപയോഗപ്പെടുത്തേണ്ടേ? ഇല്ലായ്മയുടെ കാലത്ത് അദ്ഭുതങ്ങൾ കാണിക്കുന്ന ദൈവത്തെയാണ് നമുക്കിഷ്ടം! പെട്ടകം പണിയുന്ന നോഹമാർ ഏതുകാലത്തും ഭ്രാന്തന്മാരായല്ലേ കണക്കാക്കപ്പെടൂ. വിശ്വാസത്തോടു യുക്തിയെ ചേർത്തുനിർത്തുന്ന ആത്മീയതയാണ് പരിപോഷിപ്പിക്കേണ്ടത്. അദ്ഭുതങ്ങളും അടയാളങ്ങളും ഇന്നുമുണ്ടാകും; ഇന്നും അവ വേണം താനും. നടാനും നനയ്ക്കാനും നമ്മളുണ്ടാകുമ്പോൾ വളർച്ചനൽകാൻ കർത്താവിന്റെ സാന്നിധ്യം തീർച്ചയായുമുണ്ടാകും. കളപ്പുരകൾ എന്തിന്? എന്ന ചോദ്യം ശരിയാവുന്നില്ല. എന്നാൽ, കളപ്പുര ആർക്കുവേണ്ടി? എന്ന ചോദ്യം ചോദിക്കേണ്ടതും ഉത്തരം കിട്ടേണ്ടതുമാണ്. വിശപ്പിന്റെ അടുത്ത ഊഴത്തിനും അപ്പം വർദ്ധിപ്പിക്കൽ പ്രതീക്ഷിക്കാനല്ല, "ഒന്നും നഷ്ടപ്പെടാതെ മിച്ചമുള്ളതെല്ലാം ശേഖരിക്കുവിൻ" (യോഹ. 6:12) എന്നതാണ് കർത്താവിന്റെ മനസ്സ് എന്നോർത്തുകൊണ്ട് ഏതു ദാനവും നമുക്കു സ്വീകരിക്കാം.

+ ജോസഫ് കരിയിൽ
കൊച്ചി മെത്രാൻ